പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6723 12-07-2012-ൽ മറുപടിയ്ക്ക്

## ആലപ്പുഴ നീന്തൽക്കുളം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ജി.സുധാകരൻ | ശ്രീ.കെ.ബി.ഗണേഷ്കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) ആലപ്പുഴ രാജാ കേശവദാസ് സ്മാരക നീന്തൽക്കുളം ചുറ്റും കാടുകയറി നശിച്ചുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത നീന്തൽക്കുളം സംരക്ഷിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) ഈ നീന്തൽക്കുളം പുനരുദ്ധരിക്കുന്നതിനായി 99,43,870/- രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുകയും 1 കോടി രൂപ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.. സാങ്കേതികവും, സാമ്പത്തികവുമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് ഈ നിന്തൽക്കുളം പ്രവർത്തനക്ഷമമാക്കുന്നതു സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിന് വിധേയമായി പണി ആരംഭിക്കുന്നതാണ്. |
| (സി) നീന്തൽക്കുളത്തിനോടനുബന്ധിച്ചുള്ള കോംപ്ലക്സിൽനിന്നും വിലകൂടിയ ഉപകരണങ്ങൾ കാണാതായത് സംബന്ധിച്ച് മാദ്ധ്യമങ്ങളിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദീകരിക്കാമോ ; | (സി) ഉണ്ട്. കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ ഉടമസ്ഥതയിലുള്ള ആലപ്പുഴയിലെ രാജാകേശവദാസ് സിമ്മിംഗ് പൂൾ 01.01.2003 മുതൽ 12 വർഷത്തേയ്ക്ക് ശ്രീ.കെ.ആർ. പ്രഭാകരന് (മെസ്സേഴ്സ് ഇലക്ട്രോമൈക്ക് എഞ്ചിനിയേഴ്സ്, തൃശ്ശൂർ) പാട്ടത്തിന് നൽകിയിരുന്നു. കരാർ പ്രകാരം രാജാകേശവദാസ് സിമ്മിംഗ് പൂളിന്റെ നടത്തിപ്പും ശരിയായ സംരക്ഷണവും കരാറുകാരന്റെ ഉത്തരവാദിത്വമായിരുന്നു. |

| | | | |
|---|---|---|---|
| | | | കരാറുകാരന്റെ ഉത്തരവാദിത്വമില്ലായ്മയും അലംഭാവവുമാണ് സ്വിമ്മിംഗ്പൂളിന്റെ ഉപകരണങ്ങൾ നഷ്ടപ്പെടുന്നതിനും പൂളിന്റെ നാശത്തിനും കാരണം എന്നത് കണക്കിലെടുത്ത് ഈ പൂൾ പുനരുദ്ധരിക്കാൻ ആവശ്യമായ 50.50 ലക്ഷം രൂപ കരാറുകാരനായിരുന്ന ശ്രീ.പ്രഭാകരനിൽനിന്നും ഈടാക്കാൻ സംസ്ഥാന സ്പോർട്സ് കൗൺസിൽ തീരുമാനിക്കുകയും അത് സംബന്ധിച്ചുള്ള നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു. |
| (ഡി) | ഇതുമൂലം എത്ര രൂപയുടെ നഷ്ടമാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (ഡി) | ഇതുമൂലമുണ്ടായ നഷ്ടം കൃത്യമായി കണക്കാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ